എസ്. പ്യൂസ്. എൽ. റാ. വിജയത്തിന്റെ കഥയിലെ കഥയില്ലായ്മ

സി. കെ. മുസ്തഫ

പത്രങ്ങളിൽ വലിയ തലക്കെട്ടും മധുരമായിത്തന്നെ ഘോഷയാത്രയും ഉണ്ടാക്കുന്ന ഇപ്പോഴത്തെ വാർത്ത എസ്. എസ്. എൽ. സി. പരീക്ഷാ വിജയത്തിന്റെ അത്ഭുത വൈചിത്ര്യങ്ങളെക്കുറിച്ചാണ്. എന്തുദ്ദേശിച്ചാണ് ഈ നാട്ടിൽ പഴയ മെട്രിക്കുലേഷൻ പരീക്ഷ അവസാനിപ്പിച്ച് എസ്. എസ്. എൽ. സി സമ്പ്രദായം തുടങ്ങിയതു എന്നോർക്കുന്നതു കൂടുതൽ അത്ഭുതത്തെ ഉണ്ടാക്കും. ഇരുപതാം നൂറാണ്ടിന്റെ ആദ്യ ശകത്തിന്റെ ഉത്തരാർദ്ധത്തിൽ കഴിഞ്ഞ പ്രൈമറി വൈസ്രോയ് ആയിരിക്കുമ്പോഴാണ് പുതിയ സമ്പ്രദായം ആവിഷ്കരിച്ചതു. അതുകൊണ്ട് "സ്റ്റുപ്പിഡ് സിസ്റ്റം ഓഫ് ബോർഡ് കഴ്സൺ" എന്നു പലരും പരിഹസിക്കയുണ്ടായി.

അന്നവരെ ഉണ്ടായിരുന്ന മെട്രിക്കുലേഷൻ പരീക്ഷയുടെ പ്രത്യേകത ഒരു വർഷാന്തപരീക്ഷയിലെ നിശ്ചിത പോയ്ന്റുകൾക്കനുസരിച്ചുള്ള ഗ്രേഡുനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ തോറ്റവരെന്നും ജയിച്ചവരെന്നും യുവാക്കളെ എന്നന്നേക്കുമായി തരം തിരിക്കുന്ന എന്നതായിരുന്നു. ആ പരിപാടി അശാസ്ത്രീയവും അനാവശ്യവും അനാശാസ്യവുമാണെന്നതിന്റെ അടിസ്ഥാനത്തിലാണ് പുതിയ രീതികൊണ്ടുവന്നതു. The system of conducting an examination and declaring students to be failures & successes is hereby done away with എന്നതായിരുന്ന എസ്. എസ്. എൽ. സി. യുടെ ഉദ്ദേശ്യ ലക്ഷ്യമായി പ്രഖ്യാപിക്കപ്പെട്ടതു്. ഞാൻ ഏഴു വർഷം മുമ്പു പ്രീൻസിപ്പൽ പി. ശങ്കുണ്ണി അവർകളെപ്പറ്റി ശ്രീനാരായണ യുഗപ്രഭാവം എന്ന പുസ്തകത്തിനുവേണ്ടി എഴുതിയതു ഉദ്ധരിക്കട്ടെ.

> ഹിന്ദുമിഷനറിയാ കോളേജിൽ ആദ്യത്തെ ഐ. ഇ. എസ്. പ്രിൻസിപ്പലായി ഡേവി സായ്പു നിയമിതനായ് ഒരു ഇന്ത്യാക്കാരൻ വന്നതു് വി. ശങ്കുണ്ണി അവർകളായിരുന്നു എന്നുള്ള പരമാർത്ഥം ഏഴു തി. "ഇന്നു വലിയ ചെപ്പടിവിദ്യക്കാരനെന്നു വിശ്വസിക്കപ്പെടുന്ന എസ്. എസ്. എൽ. സി. പരീക്ഷാ സമ്പ്രദായത്തിന്റെ പുതുമ എന്തെന്നു 33 വയസ്സു മാത്രമുള്ള ആ യുവവിദ്യാഭ്യാസപ്രവർത്തകൻ തന്റെ കാലത്തു ഇംഗ്ലീഷിൽ എഴുതിയതിലെ ഒരു വാക്യമാണ് മുമ്പു ഓർമ്മിച്ചതു്. ഒരു വർഷാന്ത പരീക്ഷയുടെ ഭാഗ്യപരീക്ഷണംവച്ചു ഒരു യുവാവിന്റെ ഭാവി നിർണ്ണയിക്കുന്നതിനോടാണ് എതിർപ്പ്—ജയിച്ചവർ തോറ്റവർ എന്ന രണ്ടു വർഗ്ഗം മാത്രമോ? പുതിയ രീതിയനുസരിച്ചു ഒരു കോഴ്സ് സർട്ടിഫിക്കറ്റാണ് വിതരണംചെയ്യുക. ഓരോ വിഷയത്തിലും കൊല്ലത്തിൽ രണ്ടുതവണ നടക്കുന്ന പരീക്ഷയുടെ മാർക്കു പുസ്തകത്തിൽ കുറിച്ചിട്ടും. കലാ-കായികരംഗത്തുള്ള അഭിരുചികളും രേഖപ്പെടുത്തും. ആറാംഫാറത്തിന്റെ അന്ത്യത്തിൽ സംഭാവനംപ്പടെയുള്ള വിദ്യാർത്ഥിയുടെ പുരോഗതി തുപ്തികരമാണെങ്കിൽ അവസാന പരീക്ഷ എഴുതാൻ ഹൈഡ് മാസ്റ്റർ ശുപാർശചെയ്യും. സെക്കണ്ടറി വിദ്യാഭ്യാസബോർഡ് നടത്തുന്ന പൊതുപരീക്ഷയുടെ മാർക്കുകൂടി പുസ്തകത്തിൽ ചേർക്കുമെന്നല്ലാതെ, അതിന്റെ അടിസ്ഥാനത്തിൽ തരംതിരിവു പാടില്ലെന്നു വ്യക്തമാക്കപ്പെട്ടതാണ്; കോഴ്സിന്റെ സവിശേഷത. കോളേജ് പ്രവേശനത്തിനു കോഴ്സ് പൂർത്തിയായവർക്കൊക്കെ അപേക്ഷിക്കാം. അപേക്ഷ എസ്. എൽ. സി. രീതിയുടെയും ഗ്രേഡോഷണ്ടുകളുടെ തുലനം ചെയ്തുകൊണ്ടു് വി. ശങ്കുണ്ണി ഇന്ത്യൻ റിവ്യൂ മാസികയിലെഴുതിയ (1908 ഒക്ടോബർ ലക്കം) ലേഖനം മാർത്തപോകയാണ്.

> എസ്. എസ്. എൽ. സി. സമ്പ്രദായത്തിന്റെ പുതുമ എന്തെന്നു 33 വയസ്സു മാത്രമുള്ള ആ യുവവിദ്യാഭ്യാസപ്രവർത്തകൻ തന്റെ കാലത്തു ഇംഗ്ലീഷിൽ എഴുതിയതിലെ ഒരു വാക്യമാണ് മുമ്പു ഓർമ്മിച്ചതു്. ഒരു വർഷാന്ത പരീക്ഷയുടെ ഭാഗ്യപരീക്ഷണംവച്ചു ഒരു യുവാവിന്റെ ഭാവി നിർണ്ണയിക്കുന്നതിനോടാണ് എതിർപ്പ്—ജയിച്ചവർ തോറ്റവർ എന്ന രണ്ടു വർഗ്ഗം മാത്രമോ? പുതിയ രീതിയനുസരിച്ചു ഒരു കോഴ്സ് സർട്ടിഫിക്കറ്റാണ് വിതരണംചെയ്യുക. ഓരോ വിഷയത്തിലും കൊല്ലത്തിൽ രണ്ടുതവണ നടക്കുന്ന പരീക്ഷയുടെ മാർക്കു പുസ്തകത്തിൽ കുറിച്ചിട്ടും. കലാ-കായികരംഗത്തുള്ള അഭിരുചികളും രേഖപ്പെടുത്തും. ആറാംഫാറത്തിന്റെ അന്ത്യത്തിൽ സംഭാവനംപ്പടെയുള്ള വിദ്യാർത്ഥിയുടെ പുരോഗതി തുപ്തികരമാണെങ്കിൽ അവസാന പരീക്ഷ എഴുതാൻ ഹൈഡ് മാസ്റ്റർ ശുപാർശചെയ്യും. സെക്കണ്ടറി വിദ്യാഭ്യാസബോർഡ് നടത്തുന്ന പൊതുപരീക്ഷയുടെ മാർക്കുകൂടി പുസ്തകത്തിൽ ചേർക്കുമെന്നല്ലാതെ, അതിന്റെ അടിസ്ഥാനത്തിൽ തരംതിരിവു പാടില്ലെന്നു വ്യക്തമാക്കപ്പെട്ടതാണ്; കോഴ്സിന്റെ സവിശേഷത. കോളേജ് പ്രവേശനത്തിനു കോഴ്സ് പൂർത്തിയായവർക്കൊക്കെ അപേക്ഷിക്കാം. അപേക്ഷ കരിൽനിന്നു യുക്തമായ രീതിയിൽ അതതു് പ്രിൻസിപ്പൽമാർ തിരഞ്ഞെടുപ്പുനടത്തും. കോളേജിൽ കയറാൻ കഴിയാത്തവർ പബ്ലിക് സർവീസുകളിൽ കഴിവനുസരിച്ചു കടന്നുകൂടും. മറ്റുള്ളവർ സ്വന്തം വ്യാപാരം തുടങ്ങുകയോ സ്വകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുകയോ ചെയ്യുന്നു. ബഹുഭൂരിപക്ഷം വരുന്നവരുടെ തലയുകളിൽ സ്ഥിരമായ ഒരു തൊൽവിത്തൊപ്പി കുറഞ്ഞിവിടുകയില്ലെന്നർത്ഥം. പക്ഷേകാലം മാറി. കാര്യങ്ങളും ശ്രദ്ധകേന്ദ്രീകരണത്തിനുവേണ്ടിയാണ് വിധിനിർണ്ണയം. ആദ്യത്തെ പേജിൽ ജാതി കുറിച്ചിട്ടുണ്ടു. അവസാനത്തെ പേജിൽ 'നേടിയെടുത്ത' മാർക്കുകളും ജീവാവസാനംവരെ അതെതരം ദീക്ഷണീയമായോ ഭ്രഷണമായോ ഒന്നിച്ചുകൊണ്ടുനിൽക്കുകയും. നമ്മുടെ നാട്ടിൽ ഏതു നല്ലകാര്യത്തിന്റെയും പര്യവസാനം വെളുക്കാൻ തേച്ചതു പാണ്ടായി എന്ന നിലയാവുകയാണല്ലോ. ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം അവസാനിപ്പിക്കാൻ ഗാന്ധിജി ശക്തിയായി വാദിച്ചു. നാമാകട്ടെ ഗാന്ധിജി തുണിവേഴ്സിറ്റി ഉണ്ടാക്കി അതിന്റെ പേരിൽ വക്കാണവും വയ്യാവേലികളും സൃഷ്ടിച്ചു. എസ്. എസ്. എൽ. സി. വിജയത്തിന്റെ കഥയിലും കഥയില്ലായ്മ. അതു മനസ്സിലാകാത്തവർക്കാകാം....!